"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വിനോദസഞ്ചാര വകുപ്പ് - ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട്- സർട്ടിഫിക്കറ്റ് കോഴ്സുകളുടെ ഫീസ് നിരക്ക് വർദ്ധിപ്പിച്ചു ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വിനോദസഞ്ചാര (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.270/2025/TSM തീയതി,തിരുവനന്തപുരം, 09-05-2025

---

പരാമർശം:-
1. 31.03.2023 തീയതിയിലെ സ.ഉ. (സാധാ) നം 142/2023/ടൂർ
2. 03.02.2025 തീയതിയിലെ ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറുടെ 169/2025/FCI നമ്പർ കത്ത്

**<u>ഉത്തരവ്</u>**

ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് നടത്തുന്ന സർട്ടിഫിക്കറ്റ് കോഴ്സുകളുടെ ഫീസ് പരാമർശം (1) പ്രകാരം പുതുക്കി/വർദ്ധിപ്പിച്ച് നിശ്ചയിച്ച് ഉത്തരവായിരുന്നു. നിലവിലെ ട്രെയിനിംഗ് ഫുഡ് മെറ്റീരിയൽ കോസ്റ്റ് വളരെ കൂടുതലായതിനാൽ ടി ഫീസ് വർദ്ധനവ് തികച്ചും അപര്യാപ്തമാണെന്നും ആയത് വിദ്യാർത്ഥികളുടെ പഠന നിലവാരത്തെ സാരമായി ബാധിക്കുന്നതായതിനാൽ സ്ഥാപനത്തിന്റെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനും തനത് ഫണ്ട് കണ്ടെത്തുന്നതിനുമായി ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് നടത്തുന്ന ഫ്രണ്ട് ഓഫീസ് ഓപ്പറേഷൻ, ഫുഡ് ആന്റ് ബീവറേജ് സർവ്വീസ്, ഫുഡ് പ്രൊഡക്ഷൻ, ബേക്കറി ആന്റ് കൺഫെക്ഷണറി, കാനിംഗ് ആന്റ് ഫുഡ് പ്രിസർവേഷൻ എന്നീ സർട്ടിഫിക്കറ്റ് കോഴ്സുകളുടെ ട്യൂഷൻ ഫീസ്, ലാബ് ഫീസ് എന്നിവ 50 ശതമാനവും അഡ്മിഷൻ ഫീസ് 100/-രൂപയിൽ നിന്നും 200/- രൂപയായും കോഷൻ ഡെപ്പോസിറ്റ് 250/- രൂപയിൽ നിന്നും 300/- രൂപയായും സ്റ്റുഡന്റ്സ് ആക്ടിവിറ്റി ഫണ്ട് 150/- രൂപയിൽ നിന്നും 250/- രൂപയായും വർദ്ധിപ്പിക്കണമെന്ന് പരാമർശം (2) പ്രകാരം ഡയറക്ടർ ആവശ്യപ്പെട്ടിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് നടത്തുന്ന ഫ്രണ്ട് ഓഫീസ് ഓപ്പറേഷൻ, ഫുഡ് ആന്റ് ബീവറേജ് സർവ്വീസ്, ഫുഡ് പ്രൊഡക്ഷൻ, ബേക്കറി ആന്റ് കൺഫെക്ഷണറി, കാനിംഗ് ആന്റ് ഫുഡ് പ്രിസർവേഷൻ എന്നീ സർട്ടിഫിക്കറ്റ് കോഴ്സുകളുടെ ട്യൂഷൻ ഫീസ്, ലാബ് ഫീസ്, അഡ്മിഷൻ ഫീസ്, കോഷൻ ഡെപ്പോസിറ്റ്, സ്റ്റുഡന്റ്സ് ആക്ടിവിറ്റി ഫണ്ട് എന്നിവയുടെ നിരക്കുകൾ ചുവടെ ചേർക്കുന്ന പ്രകാരം വർദ്ധിപ്പിച്ചു

ഉത്തരവാകുന്നു.

## ഫീസ് ഘടന

| കോഴ്സ് | അഡ്മിഷൻ ഫീസ് | ട്യൂഷൻ ഫീസ് | ലാബ് ഫീസ് | പരീക്ഷാ ഫീസ് | ആകെ |
|---|---|---|---|---|---|
| ഫ്രണ്ട് ഓഫീസ് ഓപ്പറേഷൻ | 200/- | 11300/- | 12150/- | 330/- | 23980/- |
| ഫുഡ് ആന്റ് ബീവറേജ് സർവ്വീസ് | 200/- | 11300/- | 12150/- | 330/- | 23980/- |
| ഹോട്ടൽ അക്കോമഡേഷൻ ഓപ്പറേഷൻ | 200/- | 11300/- | 12150/- | 330/- | 23980/- |
| ഫുഡ് പ്രൊഡക്ഷൻ | 200/- | 11300/- | 23000/- | 330/- | 34830/- |
| ബേക്കറി ആന്റ് കൺഫെക്ഷണറി | 200/- | 11300/- | 23000/- | 330/- | 34830/- |
| കാനിംഗ് ആന്റ് ഫുഡ് പ്രിസർവേഷൻ | 200/- | 11300/- | 23000/- | 330/- | 34830/- |

| | |
|---|---|
| കോഷൻ ഡെപ്പോസിറ്റ് | 300/- |
| സ്റ്റുഡന്റ്സ് ആക്റ്റിവിറ്റി ഫണ്ട് | 250/- |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

കെ ബിജു ഐ എ എസ്

സെക്രട്ടറി

ഡയറക്ടർ, വിനോദസഞ്ചാര വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് I/II) തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Archana T

Date: 09-05-2025 15:56:32

സെക്ഷൻ ഓഫീസർ

പകർപ്പ്
വിനോദസഞ്ചാര വകുപ്പ് മന്ത്രിയുടെ പി.എസ്-ന്
വിനോദസഞ്ചാര വകുപ്പ് സെക്രട്ടറിയുടെ പി.എ-യ്ക്ക്